ഇപ്പോഴും രണ്ടായിട്ട് സപ്ലിറർ ചെയ്താണ് പവ്വർ എടുക്കുന്നത്. ഈ ലൈൻ ഒരുമിച്ചിട്ടാൽ രാമഗുണ്ഡം പവ്വർ കേരളത്തിലേയ്ക്ക് വരുകയില്ല. കാരണം ഫ്രീക്വൻസി വ്യത്യാസം മൂലം രാമഗുണ്ഡം നമുക്കെടുക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് കോഴിക്കോട് ഇടുക്കി ലൈൻ ഡിസ്കണക്ട് ചെയ്ത ശേഷം രാമഗുണ്ഡത്തിൽനിന്നും കർണ്ണാടക ഫ്രീക്വൻസിയിൽ എടുത്തുകൊണ്ടിരിക്കുകയാണ്. ചന്ദ്രശേഖരൻ പറഞ്ഞകാര്യം നേരത്തെത്തന്നെ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടു. 4, 5 ദിവസം മുമ്പ് വടകരയെ സംബന്ധിച്ചിടത്തോളം കോഴിക്കോട് നിന്ന്തന്നെ നേരിട്ട് ഫീഡ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം പറഞ്ഞ പ്രശ്നം വടകരയിലില്ല. അദ്ദേഹം 4, 5 ദിവസം മുമ്പുള്ള കാര്യമാണ് പറഞ്ഞത്. ഇപ്പോൾ കോഴിക്കോട് നിന്ന് തന്നെ ഡയറക്ടായിട്ട് വടകരയ്ക്ക് ലൈൻ കൊടുക്കാൻ തുടങ്ങി കഴിഞ്ഞിരിക്കുന്നുവെന്നാണ് എനിക്ക് വിദ്യുച്ഛക്തി ബോർഡിൽ നിന്നും കിട്ടിയ റിപ്പോർട്ട്. അതുകൊണ്ട് ഇപ്പോൾ ഇനി ഉടനെ ആ പ്രശ്നം ഉദിക്കുന്നില്ല. എനിക്ക് കിട്ടിയ റിപ്പോർട്ടാണ് ഞാൻ പറഞ്ഞത്. കുഴപ്പമുണ്ടോയെന്ന് ഞാൻ ഒരിക്കൽകൂടി അന്വേഷിക്കാം.

(10) കയർ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ്

ശ്രീ. എ. വി. താമരാക്ഷൻ: സർ, കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന കയർ ഫാക്ടറി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി രൂപീകരിച്ച കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ആവശ്യമായ പണം അനുവദിക്കാത്തതുമൂലം അവരുടെ ക്ഷേമപദ്ധതികളെ സ്തംഭനാവസ്ഥയിലാണ്. കഴിഞ്ഞ 5 കൊല്ലക്കാലമായി ശ്രീ. കെ. കരുണാകരൻ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 290 തൊഴിലാളികൾക്ക് 2,19,400 രൂപയാണ് കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യം നൽകിയിരുന്നത്. എന്നു പറഞ്ഞാൽ 5 വർഷം കൊണ്ട് തൊഴിലാളികൾക്ക് കൊടുത്ത ആനുകൂല്യം 40 ശതമാനത്തിനു താഴെ മാത്രമാണ്. ഈ നിലയിൽ കയർത്തൊഴിലാളികൾക്ക് അപമാനകരമായ ഒരു ഗവൺമെൻറ് ഉണ്ടായിട്ടില്ല.

കയറു പിരിക്കും തൊഴിലാളിക്കൊരു
കഥയുണ്ടുജ്ജ്വല സമരകഥ.
അതുപറയുമ്പോൾ നമ്മുടെ നാട്ടി—
ന്നഭിമാനിക്കാൻ വകയുണ്ട്.

എന്ന് വയലാർ പാടിയെങ്കിൽ ആ തൊഴിലാളികൾക്ക് അപമാനകരമായ ഒരു ഗവൺമെൻറാണ് ഇവിടെയുള്ളത്. അതുകൊണ്ട് ബോർഡിന് ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ തുക അനുവദിക്കണം.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേരളത്തിലെ ഏറ്റവും വലിയ ഒരു പരമ്പരാഗത വ്യവസായമാണ് കയർവ്യവസായം. കയർ വ്യവസായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ക്ഷേമനിധിയെ സംബന്ധിച്ചും അർഹമായ ആളുകൾക്ക് എന്തെങ്കിലും ആനുകൂല്യം കൊടുക്കാനുണ്ടെങ്കിൽ അത് കൊടുക്കാനും ഗവൺമെൻറ് നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly